മുദ്രകൾ

# ബട്‌ലഹൗസ് 'ഏറ്റുമുട്ടൽ' ഉന്നതതല ജുഡീഷ്യൽ അന്വേഷണം വേണം



*പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ആഭ്യന്തര സഹമന്ത്രി ഡോ. ശക്കീൽ അഹ്മദിന് മെമ്മോറണ്ടം കൈമാറുന്നു*

**ന്യൂദൽഹി:** ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ആഭ്യന്തരസഹമന്ത്രി ഡോ. ശക്കീൽ അഹ്മദിനെ സന്ദർശിച്ചു. പോലീസും മറ്റു സുരക്ഷാ ഏജൻസികളും ഇലക്ട്രോണിക് മീഡിയയും ഇന്ത്യൻ മുസ്‌ലിംകളെ വേട്ടയാടുന്നതിനെക്കുറിച്ച് പ്രതിനിധി സംഘം മന്ത്രിയുമായി വിശദമായ ചർച്ച നടത്തി. ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതി അംഗം എസ്.ക്യു.ആർ ഇൽയാസ്, ജാമിഅ നഗർ കോ-ഓർഡിനേഷൻ കമ്മിറ്റി കൺവീനർ ഇർഫാനുല്ലാ ഖാൻ എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്ന മറ്റുള്ളവർ. പ്രധാനമന്ത്രിക്കുള്ള ഒരു നിവേദനവും അവർ ആഭ്യന്തര സഹമന്ത്രിയെ ഏൽപിച്ചു.

നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ:

1. 2008 സെപ്റ്റംബർ 19ന് ജാമിഅ നഗറിലെ ബട്‌ലഹൗസിലുണ്ടായ 'ഏറ്റുമുട്ടലി'നെക്കുറിച്ച് നിരവധി അന്വേഷണ ഏജൻസികൾ സംശയങ്ങൾ ഉന്നയിച്ചിരിക്കെ, ഇതിനെക്കുറിച്ച് സമയബന്ധിതമായ ഒരു ഉന്നതതല ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയാറാവണം. സംഭവത്തിലെ മുഴുവൻ സത്യങ്ങളും കണ്ടെത്തുകയും അവ പരസ്യപ്പെടുത്തുകയും വേണം.

2. വേണ്ട രീതിയിലുള്ള അന്വേഷണമോ വ്യക്തമായ തെളിവുകളോ ഇല്ലാതെ, വ്യക്തിയെയോ സംഘടനയെയോ ഭീകരവാദിയെന്ന് ആക്ഷേപിക്കരുത്.

3. ദൽഹി, അഅ്സംഗഢ്, മുംബൈ തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് പിടികൂടിയ നിരപരാധികളെ ഉടൻ വിട്ടയക്കണം. ന്യായമായ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ടായിരിക്കണം ഒരാളെ അറസ്റ്റ് ചെയ്യുന്നത്.

4. 2008 സെപ്റ്റംബർ 19-ന് ശേഷം ഓഖ്‌ലയിൽ ഏർപ്പെടുത്തിയ വൻ പോലീസ് സന്നാഹങ്ങൾ പിൻവലിക്കണം. മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ ഇല്ലാതാക്കാൻ ഇത് കൂടിയേ കഴിയൂ.

5. ദൽഹിയിൽ സാധാരണക്കാരെ ഭേദ്യംചെയ്യുന്നത് നിർത്തണം. താമസക്കാരെ ഒഴിപ്പിക്കാൻ ലോഡ്ജ് ഉടമകളെ നിർബന്ധിക്കുന്നത് അവസാനിപ്പിക്കണം.

6. പോലീസ് മൂന്നാംമുറ പ്രയോഗങ്ങൾ ഒഴിവാക്കുകയും ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ മാർഗനിർദേശങ്ങൾ പിന്തുടരുകയും വേണം.

7. പ്രായപൂർത്തിയാവാത്തവരെയും പോലീസ് പിടിച്ചുകൊണ്ടുപോയിട്ടുണ്ട്. അവരെ ഉടൻ മോചിപ്പിക്കണം.

8. അറസ്റ്റ് ചെയ്യപ്പെട്ട ചില വിദ്യാർഥികളുടെ പക്കൽ തങ്ങൾ നിരപരാധികളാണെന്ന് തെളിയിക്കുന്ന രേഖകളുണ്ട്. അവരെ ഉടൻ വിട്ടയക്കണം.

9. റെയ്ഡ് നടത്തുമ്പോഴും ആളുകളെ ചോദ്യം ചെയ്യാനായി കൊണ്ടുപോവുമ്പോഴും പോലീസ് പരിസരവാസികളുടെ കൂട്ടായ്മകളെയും അവിടത്തെ പ്രമുഖ വ്യക്തിത്വങ്ങളെയും വിശ്വാസത്തിലെടുക്കണം.

10. പക്ഷം പിടിക്കാതെയും ഉത്തരവാദിത്വത്തോടെയുമാണ് മീഡിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തണം. ഒരു വിഭാഗം മാധ്യമങ്ങൾ പ്രകടിപ്പിച്ച മുസ്‌ലിംവിരുദ്ധതയെ ഞങ്ങൾ അപലപിക്കുന്നു. ഭീകരമുദ്ര മൊത്തം സമുദായത്തിന്റെ മേൽ പതിപ്പിക്കാനാണ് അവ ശ്രമിച്ചത്. ഇലക്ട്രോണിക് മീഡിയയെ ഇതിൽനിന്ന് തടയാൻ ഗവൺമെന്റ് നിയമം നിർമിക്കണം.

11. ജസ്റ്റിസ് ഗീതാ മിത്തൽ ട്രൈബ്യൂണലിന്റെ വിധിതീർപ്പ് മാനിച്ച് ഗവൺമെന്റ് സിമിയുടെ നിരോധം എടുത്തുകളയണം. ■

# ഒന്നാം സ്ഥാനത്ത് മുഹമ്മദ് നബി

**മാനവചരിത്രത്തെ** ഏറ്റവുമധികം സ്വാധീനിച്ച ഇരുപത്തിയൊന്നു പേരിൽ ഒന്നാമനായി മുഹമ്മദ് നബി(സ) തെരഞ്ഞെടുക്കപ്പെട്ടു. സ്പാനിഷ് പത്രം *എൽമുണ്ടോ* (Elmundo) മനുഷ്യസമൂഹത്തെ ആഴത്തിൽ സ്വാധീനിച്ച പ്രതിഭയെ കണ്ടെത്താനായി നടത്തിയ അഭിപ്രായ സർവേയിൽ മുഹമ്മദ് നബിക്ക് ലഭിച്ചത് 88 ശതമാനത്തിന്റെ പിന്തുണയാണ്. രണ്ടാം സ്ഥാനത്ത് ഈസാ നബി

മുദ്രകൾ

(അ)– പതിനൊന്ന് ശതമാനം.

ഇസ്‌ലാംഭീതിയുടെ പുത്തൻ പ്രചാരവേലകൾ ആസൂത്രിതമായി നടന്നുകൊണ്ടിരിക്കെ, അതിന് നേതൃപരമായ പങ്കുവഹിക്കുന്ന യൂറോപ്പിൽനിന്നുതന്നെ മുഹമ്മദ് നബിക്ക് അംഗീകാരം ലഭിച്ചുവെന്നത് ശ്രദ്ധേയമാണ്. സമീപകാലത്ത് ഡെൻമാർക്കിലെ *ജില്ലാന്റ് പോസ്റ്റൺ* പത്രം മുഹമ്മദ് നബിയെ അപകീർത്തിപ്പെടുത്തുന്ന കാർട്ടൂൺ പ്രസിദ്ധീകരിക്കുകയും ലോകത്തെ ഇസ്‌ലാംവിരുദ്ധ മീഡിയ അത് ഏറ്റെടുത്ത് പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രചാരവേലകൾക്കൊന്നും പ്രവാചകവ്യക്തിത്വത്തിന്റെ നിറംകെടുത്താനായില്ലെന്നതാണ് മുഹമ്മദ് നബിക്ക് ലഭിച്ച വോട്ടുകളുടെ ആധിക്യം സൂചിപ്പിക്കുന്നത്.

2,57,618 പേരാണ് സർവേയിൽ പങ്കെടുത്തത്. മുഹമ്മദ് നബിയെ പിന്തുണച്ചത് 2,25,749 പേർ. ഈസാ നബിക്ക് 28,906 പേരുടെ പിന്തുണ ലഭിച്ചു. രണ്ടു പേർക്കും കൂടി 99 ശതമാനം വോട്ട്. ശേഷിക്കുന്ന ഒരു ശതമാനം വോട്ട് പങ്കിട്ടെടുത്തവരിൽ ചിലരെ കൂടി അറിയുമ്പോഴേ ചിത്രം പൂർത്തിയാകൂ. കമ്യൂണിസത്തിന്റെ ഉപജ്ഞാതാവ് കാൾ മാർക്സിന് കിട്ടിയത് 329 വോട്ട്! അഡോൾഫ് ഹിറ്റ്ലർ (244), ആൽബർട്ട് ഐൻസ്റ്റീൻ (206), ജൂലിയസ് സീസർ (152), ചാൾസ് ഡാർവിൻ (138), അരിസ്റ്റോട്ടിൽ (99), സിഗ്മണ്ട് ഫ്രോയിഡ് (70), ലിയനാർഡോ ഡാവിഞ്ചി (65) എന്നിങ്ങനെയാണ് മറ്റുള്ളവർക്ക് കിട്ടിയ വോട്ട്. മൈക്കൽ എച്ച് ഹാർട്ട് ലോക ചരിത്രത്തെ ഏറ്റവുമധികം സ്വാധീനിച്ച നൂറു പേരുടെ ലിസ്റ്റ് തയാറാക്കിയപ്പോഴും അതിൽ ഒന്നാം സ്ഥാനം മുഹമ്മദ് നബിക്കായിരുന്നു. ഈയിടെ പ്രമുഖ കോളമിസ്റ്റ് ഖുശ്‌വന്ത് സിംഗ് പ്രവാചകനെ 'നമ്മുടെ കാലത്തെ മിശിഹ' എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ■

# പ്രവാചകന്റെ കർമമാതൃക ഉൾക്കൊള്ളുക



ഫഹ്മീ ഹുവൈദിയോടൊപ്പം കുറിപ്പുകാരൻ

**'ഇസ്‌ലാമിക** ചിന്ത; തത്ത്വത്തിനും പ്രയോഗത്തിനും മധ്യേ' എന്ന വിഷയം അവതരിപ്പിക്കാൻ അബൂദബിയിലെത്തിയ പ്രമുഖ ഈജിപ്ഷ്യൻ പത്രപ്രവർത്തകൻ ഫഹ്മീ ഹുവൈദിയുമായി *പ്രബോധനം* പ്രതിനിധി അബ്ദു ശിവപുരം സംസാരിക്കുന്നു.

*ഇസ്‌ലാമിക പ്രബോധന പ്രവർത്തകരെക്കുറിച്ച്?*

ചിന്താശീലരും കർമോത്സുകരുമായ പ്രബോധന പ്രവർത്തകർ സജീവമായി രംഗത്തുവരേണ്ടതുണ്ട്. ഹൃദയവിശാലത പ്രബോധകരുടെ മുഖമുദ്രയാവണം. അഭിപ്രായാന്തരങ്ങൾ ഉടലെടുക്കുമ്പോൾ കാർക്കശ്യം പാടില്ല. മഹാനായ കർമശാസ്ത്ര പണ്ഡിതൻ ഇമാം ശാഫിഈയുടെ മാതൃക നമുക്ക് പാഠമാവണം. ഇറാഖിലെയും ഈജിപ്തിലെയും താമസത്തിനിടെ അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ കാര്യമായി മാറുകയുണ്ടായി. പ്രായോഗിക പ്രശ്നങ്ങൾക്ക് ഉത്തരം കാണാൻ ശ്രമിച്ചപ്പോഴായിരുന്നു ഈ മാറ്റം. കർമശാസ്ത്ര പ്രശ്നങ്ങളിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനം വഴിമുട്ടി നിൽക്കരുത്. ഇസ്‌ലാമിനെ മനസ്സിലാക്കാൻ ലോകം മുമ്പെന്നെത്തേക്കാളേറെ ഇന്ന് സന്നദ്ധമാണെന്ന് നാം മനസ്സിലാക്കണം.

*ഇസ്‌ലാമേതര സമൂഹങ്ങളിലെ പ്രബോധന പ്രവർത്തനങ്ങൾ എങ്ങനെയാവണം?*

ഇസ്‌ലാമേതര സമൂഹങ്ങളിലെ പ്രബോധന പ്രക്രിയ ഏറ്റവുമധികം ശക്തി പ്രാപിക്കേണ്ട കാലഘട്ടമാണിത്. ഇന്ത്യയിലെ ആധ്യാത്മിക നേതാക്കന്മാരും സമാദരണീയരായ സന്യാസിമാരും വരെ പങ്കെടുത്തിരുന്നു ഈജിപ്തിൽ ഈയിടെ സംഘടിപ്പിക്കപ്പെട്ട സർവമത സമ്മേളനത്തിൽ. സ്വതന്ത്രമായി ചിന്തിക്കാനും അഭിപ്രായ പ്രകടനങ്ങൾ നടത്താനും ഇവിടെ വേദിയൊരുങ്ങി. പരസ്പരമുണ്ടായേക്കാവുന്ന തെറ്റിദ്ധാരണകൾ ഇല്ലാതാക്കാൻ ഇതുപോലുള്ള വേദികൾ ഉപകാരപ്പെടും.

*ഇസ്‌ലാം തത്ത്വവും പ്രയോഗവും എങ്ങനെ വിലയിരുത്തുന്നു?*

ഇസ്‌ലാമിലെ തത്ത്വചിന്ത സുതാര്യവും സരളവുമാണ്. അതിന്റെ പ്രായോഗിക ആവിഷ്കാരമാണ് പ്രവാചക ജീവിതത്തിൽ നാം കാണുന്നത്. ഒരു പുരുഷായുസ്സിലെ സമസ്ത ഗുണവിശേഷങ്ങളും ആ ജീവിതത്തിൽ ഉണ്ട്. തന്നെ വധിക്കാൻ വാളുമായെത്തിയവന്റെ മുമ്പിൽ പ്രവാചകൻ അനുവർത്തിച്ച നയം; താമസിയാതെ ആ വാൾ തന്റെ കൈപിടിയിൽ ഒതുങ്ങിയപ്പോൾ പ്രവാചകൻ കാണിച്ച മാതൃക; 'ഹജറുൽ അസ്‌വദ്' പൂർവസ്ഥാനത്ത് പുനഃസ്ഥാപിക്കാൻ മധ്യസ്ഥന്റെ റോളിൽ പ്രവാചകൻ സ്വീകരിച്ച ശൈലി– ഇതിലൊക്കെ വിശ്വാസികൾക്ക് ഒരുപാട് പാഠങ്ങളുണ്ട്. ■